പത്രക്കുറിപ്പ്

# നഗരത്തിൽ വൻ കഞ്ചാവ് വേട്ട
# 150 കിലോ കഞ്ചാവുമായി 3 പേർ പിടിയിൽ

തിരുവനന്തപുരം:- തമിഴ്നാട്ടിൽ നിന്നും കടത്തിക്കൊണ്ട് വന്ന് തിരുവനന്തപുരത്തും സമീപ ജില്ലകളിലും കഞ്ചാവ് മൊത്തവിൽപ്പന നടത്തുന്ന മൂന്നംഗസംഘത്തെ 150 കിലോ കഞ്ചാവുമായി സിറ്റി പോലീസ് പിടികൂടിയതായി ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബാൽറാം കുമാർ ഉപാധ്യായ അറിയിച്ചു. തമിഴ്നാട് കോയമ്പത്തൂർ മധുര വീരകോവിൽ മുക്താർ (21), കായംകുളം എരുവാ കുന്നിൽ തറയിൽ ശ്രീക്കുട്ടൻ (28), കോയമ്പത്തൂർ സായിബാബ കോവിൽ കെ.കെ നഗറിൽ ബാബു (29) എന്നിവരെയാണ് ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെയും സ്പെഷ്യൽ ബ്രാഞ്ചിന്റെയും സഹായത്തോടെ മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്.



മെഡിക്കൽകോളേജ് പോലീസ് അറസ്റ്റ് ചെയ്ത
മുക്താർ (21), ശ്രീക്കുട്ടൻ (28), ബാബു (29

പരമാവധി ലഹരി വസ്തുക്കൾ പിടിക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ, സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാധ്യായ ഐ പി എസിന്റെ നിർദേശാനുസരണം സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണർ (ക്രമസമാധാനം ) ഡോ. വൈഭവ് സക്സേന

ഐ പി എന്റെ നേതൃത്വത്തിൽ 2021 മാർച്ച് മാസത്തിൽ രൂപികരിച്ച് നാർക്കോട്ടിക് സെൽ അസി. കമ്മീഷണർ റ്റി ആർ പ്രദീപ്കുമാർ, സ്പെഷ്യൽ ബ്രാഞ്ച് അസി. കമ്മീഷണർ എം കെ ബിനുകുമാർ, എസ് ഐ മാരായ ഗോപകുമാർ, അശോക്കുമാർ, എന്നിവർ അംഗങ്ങളായിട്ടുള്ള പ്രത്യേക ടീം നടത്തിയ അന്വേഷണത്തിലാണ് ഇവർ കുടുങ്ങിയത്. സമീപകാലത്ത് പിടികൂടിയ മയക്കുമരുന്ന് കേസ്സുകളുടെ തുടരന്വേഷണത്തിൽ ലഭിച്ച സൂചനയുടെ അടിസ്ഥാനത്തിൽ ഡാൻസാഫ് ടീം ദിവസങ്ങളായി ഈ സംഘത്തെ നിരീക്ഷിച്ചു വരികയായിരുന്നു. ആന്ധ്രാപ്രദേശിൽ നിന്നും തമിഴ്നാട്ടിൽ



എത്തുന്ന കഞ്ചാവ് കേരളത്തിലേയ്ക്ക് വരുന്ന പച്ചക്കറി ഉൾപ്പെടെയുള്ള ചരക്കു വാഹനങ്ങളിലാണ് സംഘം കടത്തുന്നത്. നാർക്കോട്ടിക് സെൽ അസ്സിസ്റ്റന്റ് കമ്മീഷണർ റ്റി ആർ പ്രദീപ്കുമാറിന്റെ നേതൃത്വത്തിലുള്ള ഡാൻസാഫ് ടീമും, സിറ്റി സ്പെഷ്യൽ ബ്രാഞ്ച് അസി. അസ്സിസ്റ്റന്റ് കമ്മീഷണർ എം കെ ബിനുകുമാറിന്റെയും നേതൃത്വത്തിൽ മെഡിക്കൽ കോളേജ് പോലീസും ചേർന്ന് നടത്തിയ അന്വേഷണത്തിൽ കുമാരപുരം പൂന്തി റോഡിലുള്ള ആളൊഴിഞ്ഞ പുരയിടത്തിൽ വാട്ടർ അതോറിറ്റിയുടെ നിർമ്മാണ പണികൾക്കായി സൂക്ഷിച്ചിരുന്ന വലിയ പൈപ്പുകൾക്കുള്ളിൽ 72 പാക്കറ്റുകളായി ചാക്കിൽ പൊതിഞ്ഞ് ഒളിപ്പിച്ചിരുന്ന കഞ്ചാവും, പ്രതികളേയും പിടികൂടിയത്. മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ വിനു വർഗ്ഗീസ്, എസ്.ഐമാരായ ജയശങ്കർ,ഷാനവാസ്, ഷമീർ എസ് സി പി ഓ മാരായ അനിൽകുമാർ, രഞ്ജിത്, രജിത്, ഗോകുൽ, ജ്യോതി, ഡാൻസാഫ് ടീം അംഗങ്ങളായ എസ്.ഐ ഗോപകുമാർ, ടീം

അംഗങ്ങളായ സജി, വിനോദ്, രഞ്ജിത്, അരുൺ, ഷിബു, നാജിബഷീർ, ചിന്നു എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കഞ്ചാവിന്റെ ഉടവിടം സംബന്ധിച്ചും ഈ സംഘത്തിന്റെ മറ്റ് ഇടപാടുകളെ സംബന്ധിച്ചും കൂടുതൽ അന്വേഷണം നടത്തുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

## കോവിഡ്-19 സുരക്ഷാ പരിശോധന വിലക്ക് ലംഘനം: 972 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- കോവിഡ് രോഗവ്യാപനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പോലീസ് സുരക്ഷാ പരിശോധന കൂടുതൽ ശക്തമാക്കി. തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (04-05-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 972 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 195 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 774 പേരിൽ നിന്നും 3,87,000/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 37,825 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങളോടു പൊതുജനങ്ങൾ പൂർണമായി സഹകരിക്കണമെന്നും അത്യാവശ്യ കാര്യങ്ങളുണ്ടെങ്കിൽ മാത്രമേ പുറത്തിറങ്ങാവൂവെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാധ്യായ അറിയിച്ചു. ആളുകൾ പുറത്തിറങ്ങുന്നതു കുറയ്ക്കാൻ അവശ്യസാധനങ്ങളുടെ ഹോം ഡെലിവറി പ്രോത്സാഹിപ്പിക്കേണ്ടതാണ്. കടകളിലുള്ളവർ രണ്ടു ലെയർ മാസ്ക് ധരിക്കണം. കർശന കോവിഡ് മാനദണ്ഡങ്ങളും ജാഗ്രതയും പാലിക്കേണ്ടതാണ്. ഹോട്ടലുകളിലും റസ്റ്ററന്റുകളിലും

പാഴ്സൽ, ടേക്ക് എവേ കൗണ്ടറുകൾ മാത്രമേ അനുവദിക്കൂ. യാത്ര ചെയ്യുന്നവർ കോവിഡ് പ്രോട്ടോക്കോളുകൾ പാലിക്കുകയും ആവശ്യമായ യാത്രാരേഖകൾ കൈവശംവയ്ക്കുകയും വേണം. രോഗവ്യാപനം ക്രമാതീതമായി വർധിച്ച സാഹചര്യത്തിൽ കോവിഡ് സുരക്ഷാ നിർദേശങ്ങൾ പാലിക്കാത്തവർക്കെതിരെ വിട്ടു വീഴ്ച്ചയില്ലാതെ കർശന നടപടി സ്വീകരിക്കുമെന്നും കമ്മീഷണർ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
04-05-2021

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**തിരുവനന്തപുരം സിറ്റി**